പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം: 140 15/06/2012-ൽ മറുപടിക്ക്

നഗരവികസനത്തിന് മാസ്റ്റർ പ്ലാൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. സണ്ണി ജോസഫ്: | | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | (എ) | നഗരകാര്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന നഗര വികസന പദ്ധതികൾ ജെ.എൻ.എൻ.യു.ആർ.എ), കെ.എസ്.യു.ഡി.പി, യു.ഐ.ഡി.എസ്.എസ്.എം.റ്റി, ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത് കെ.എസ്.യു.ഡി.പി, കുടുംബശ്രീ എന്നീ നോഡൽ ഏജൻസികളാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള മൂലധന ആസ്തികളുടെ മെയിന്റനൻസിനും വേണ്ടി ലോകബാങ്ക് ധനസഹായത്തോടെ (കെ.എൽ.ജി.എസ്.ഡി.പി) പെർഫോമൻസ് ഗ്രാന്റ് നൽകി വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്കായും തുക അനുവദിച്ചു വരുന്നു. കൂടാതെ കൊച്ചി മെട്രോസിറ്റിയുടെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനുള്ള വൈറ്റില മൊബിലിറ്റി ഹബ്ബ് പ്രോജക്ടിനും കോട്ടയത്തെ കോടിമത മൊബിലിറ്റി ഹബ്ബ് പ്രോജക്ടിനും തുക അനുവദിച്ചിട്ടുണ്ട്. ഇതേ രീതിയിൽ തൃശ്ശൂർ മൊബിലിറ്റി ഹബ്ബ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടി വിവിധ പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് ഒരു പി പി പി സെൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) ആയതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് അഞ്ച് കോർപ്പറേഷനുകൾക്കും അറുപത് മുനിസിപ്പാലിറ്റകൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു സംസ്ഥാന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കികൊണ്ടിരിക്കുകയാണ്. |

അംഗീകൃത മാസ്റ്റർ പ്ലാനുകൾ കാലാനുസൃതമായി പുതുക്കുന്നതും നിലവിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടില്ലാത്ത പട്ടണങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. 2009 ഡിസംബറിൽ ആരംഭിച്ച ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കുന്നത്.

ഈ വർഷം ആരംഭിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 29 പട്ടണങ്ങൾക്കു കൂടി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കപ്പെടും.

പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം 175 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ